**"ഭരണഭാഷ - മാതൃഭാഷ"**

NO TO DRUGS

നം: DGE/17301/2026-IED1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 29-09-2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ഐ.ഇ.ഡി. – പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടത്തുന്ന പരീക്ഷകൾ - CwSN (Children with Special Needs) വിദ്യാർത്ഥികൾക്കായി പരീക്ഷാ മുറി താഴത്തെ നിലയിൽ (Ground Floor) ക്രമീകരിക്കുന്നത് – നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 1. The Rights of Persons with Disabilities Act 2016 – Section 16 & Section 17.

*****

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടത്തുന്ന വിവിധ പരീക്ഷകളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികളുടെ സമതുല്യവും തടസ്സ രഹിതവുമായ (Barrier Free) പങ്കാളിത്തം ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. CwSN വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്ന പരീക്ഷാ മുറി സാധ്യമായ സാഹചര്യങ്ങളിൽ നിർബന്ധമായും താഴത്തെ നിലയിൽ (Ground Floor) ക്രമീകരിക്കേണ്ടതാണ്.

2. വീൽചെയർ, വാക്കർ, സഹായ ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾക്ക് പടികൾ കയറേണ്ട സാഹചര്യം ഉണ്ടാകാത്ത വിധത്തിൽ പരീക്ഷാ മുറിയിലേക്കുള്ള പ്രവേശനം ഉറപ്പാക്കേണ്ടതാണ്.

3. പരീക്ഷാ കേന്ദ്രത്തിൽ CwSN വിദ്യാർത്ഥികൾക്ക് ആവശ്യമായ റാംപ്, തടസ്സരഹിതമായ പ്രവേശനപാത, അനുയോജ്യമായ ഇരിപ്പിട സൗകര്യം, accessible toilet തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണെന്ന് പരീക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥൻ/Chief Superintendent ഉറപ്പാക്കേണ്ടതാണ്.

4. ഏതെങ്കിലും സാഹചര്യത്തിൽ പരീക്ഷാ കേന്ദ്രത്തിലെ താഴത്തെ നിലയിൽ പരീക്ഷാ മുറി ക്രമീകരിക്കാൻ സാധിക്കാത്ത പക്ഷം, ലിഫ്റ്റ്/റാംപ് തുടങ്ങിയ സുരക്ഷിതവും തടസ്സരഹിതവുമായ സൗകര്യം ഉപയോഗിച്ച് പരീക്ഷാ മുറിയിലേക്ക് പ്രവേശനം ഉറപ്പാക്കിയതിന് ശേഷമേ മുകളിലത്തെ

നിലയിൽ പരീക്ഷാ മുറി അനുവദിക്കാവൂ. വിദ്യാർത്ഥിയുടെ ശാരീരികാവസ്ഥ പരിഗണിച്ച് അനാവശ്യമായ ബുദ്ധിമുട്ടോ അപകട സാധ്യതയോ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

5. CwSN വിദ്യാർത്ഥികൾക്ക് അനുവദനീയമായ Scribe/Interpreter, പരിഹാരസമയം, assistive devices, പ്രത്യേക ഇരിപ്പിട സൗകര്യം തുടങ്ങിയ പരീക്ഷാ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട പരീക്ഷാ നിർദ്ദേശങ്ങൾ പ്രകാരം ഉറപ്പാക്കേണ്ടതാണ്.

6. പരീക്ഷാ കേന്ദ്രം നിശ്ചയിക്കുന്ന ഘട്ടത്തിൽ തന്നെ CwSN വിദ്യാർത്ഥികളുടെ എണ്ണം, അവരുടെ disability-related requirements എന്നിവ പരിഗണിച്ച് അനുയോജ്യമായ മുറിയും പ്രവേശന സൗകര്യങ്ങളും മുൻകൂട്ടി ക്രമീകരിക്കേണ്ടതാണ്.

7. Rights of Persons with Disabilities Act, 2016-ലെ Section 16(ii), 16(iii) പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കെട്ടിടങ്ങളും വിവിധ സൗകര്യങ്ങളും accessible ആക്കുകയും വ്യക്തിഗത ആവശ്യാനുസരണം reasonable accommodation നൽകുകയും ചെയ്യേണ്ടതാണ്. Section 17(i) പ്രകാരം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഗണിച്ച് examination system-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. (DSEL Education)

8. Rights of Persons with Disabilities Rules, 2017-ലെ Rule 15 പ്രകാരം എല്ലാ സ്ഥാപനങ്ങളും നിർദ്ദിഷ്ട accessibility standards പാലിക്കേണ്ടതാണ്.

ആയതിനാൽ, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടത്തുന്ന എല്ലാ പരീക്ഷകളിലും CwSN വിദ്യാർത്ഥികളുടെ പരീക്ഷാ മുറി താഴത്തെ നിലയിൽ, സുരക്ഷിതവും തടസ്സരഹിതവുമായ പ്രവേശന സൗകര്യങ്ങളോടുകൂടി ക്രമീകരിക്കുന്നതിന് പരീക്ഷാ ചുമതലയുള്ള എല്ലാ ഉദ്യോഗസ്ഥരും സ്ഥാപന മേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

2. പരീക്ഷാ സെക്രട്ടറി, പരീക്ഷാ ഭവൻ
3. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും (DDE മുഖേന)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (DDE മുഖേന)
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (DDE മുഖേന)
6. എല്ലാ പ്രധാനാദ്ധ്യാപകർക്കും (DEO / AEO മുഖേന)